ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയ്ക്കനുസരിച്ചും സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾക്കനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) എല്ലാ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിലും ട്രോമാകെയർ സേവനം ലഭ്യമല്ല. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രികളിലെ ട്രോമാകെയർ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം നടപ്പുസാമ്പത്തിക വർഷം 530 ലക്ഷം രൂപ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന് വകയിരുത്തിയിട്ടുണ്ട്. കൂടാതെ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി റോഡ് സേഫ്റ്റി അതോറിറ്റിയും വിഹിതം നൽകുന്നുണ്ട്. ഈ തുകകൾ ഉപയോഗിച്ച് ട്രോമാകെയർ സംവിധാനം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുപോരുന്നു. സംസ്ഥാനത്തെ ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിലും ട്രോമാകെയർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ 31 താലൂക്ക് ആശുപത്രികളിൽ പൂർണ്ണസജ്ജമായ അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നില്ല. പ്രസ്തുത ആശുപത്രികളിൽ ടി സേവനം ലഭ്യമാക്കുന്നതിലേക്കായി ഡോക്ടർമാരുടെ തസ്തിക പുനർവിന്യാസംമുഖേന സൃഷ്ടിച്ചും പ്രാവർത്തികമാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) അടിസ്ഥാന സൗകര്യവും അധിക തസ്തികകളും ഏർപ്പെടുത്തുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

**സർക്കാർ ആശുപത്രികളിലുണ്ടായ സംഘർഷത്തെ തുടർന്ന് മരണപ്പെട്ട രോഗികളുടെ എണ്ണം**

**38 (8098)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ സർക്കാർ ആശുപത്രികളിലുണ്ടായ സംഘർഷത്തെത്തുടർന്നും അക്രമത്തിനുവിധേയമായും എത്ര രോഗികൾ മരണപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സർക്കാർ ആശുപത്രികളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതെന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ആശുപത്രികളിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സർക്കാർ ആശുപത്രികളിലുണ്ടാകുന്ന അക്രമത്തിനുവിധേയമായി മൂന്നു രോഗികൾ മരണപ്പെടുകയുണ്ടായി.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ രോഗികൾ തമ്മിലുണ്ടായ വാക്കുതർക്കത്തെ തുടർന്ന് ഒരു രോഗി അക്രമാസക്തനായി മറ്റു രണ്ടു രോഗികളെ മർദ്ദിച്ച് അവശരാക്കുകയും പിന്നീട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കിടയിൽ അവർ മരണപ്പെടുകയുമാണുണ്ടായത്. കോഴിക്കോട് ജില്ലയിൽ കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലെ ഫോറൻസിക് സെല്ലിൽ (മൂന്നാം വാർഡ്) 29-6-2014-ന് സഹരോഗിയുടെ മർദ്ദനത്താൽ ഒരു രോഗി മരിക്കുകയുണ്ടായി. മേൽ ആരോഗ്യ കേന്ദ്രത്തിൽ നിലവിൽ രോഗികളുടെ എണ്ണം കൂടുതലും വാർഡുകളുടെ എണ്ണം കുറവും ആയതിനാൽ ഒരു സെല്ലിൽത്തന്നെ രണ്ടും മൂന്നും രോഗികളെ താമസിപ്പിക്കുന്നതുകൊണ്ടാണ് ഇത്തരം സാഹചര്യം ഉണ്ടായത്.

(ഡി) തീരുമാനിച്ചിട്ടില്ല.

**എക്സ്-റേ സൗകര്യമില്ലാത്ത താലൂക്കാശുപത്രികൾ**

**39 (8099)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് എക്സ്-റേ സൗകര്യം ഇല്ലാത്ത എത്ര താലൂക്ക് ആശുപത്രികളാണ് ഉള്ളത് ; വ്യക്തമാക്കാമോ ;

(ബി) താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ എക്സ്-റേ യൂണിറ്റുണ്ടെങ്കിലും ടെക്നീഷ്യൻ തസ്തിക ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നരിക്കുനി, കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ എക്സ്-റേ സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly